I/124324/2023

I/124324/2023

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,**
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്
തിരുവനന്തപുരം - 695 014
ഇ-മെയിൽ : tcoffice.mvd@kerala.gov.in
വെബ്: www.mvd.kerala.gov.in
ഫോൺ :0471-2333317 / 37

**തീയതി: 16-05-2023**

**പ്രേഷകൻ :**

ഗതാഗത കമ്മീഷണർ
തിരുവനന്തപുരം

**സ്വീകർത്താവ്:**

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

**സർ,**

**വിഷയം:-** **മോട്ടോർ വാഹന വകുപ്പ്** - സ്റ്റേജ് കരിയേജ് വാഹന പെർമിറ്റ് രണ്ടു കാറ്റഗറികളായി തിരിച്ചത് - സംബന്ധിച്ച്

**സൂചന :-** 1.2023_2024 ഫിനാൻസ് ബിൽ
2. ഈ ഓഫീസിൽ നിന്ന് 28/04/23 ലെ SSG 1/87/2023-TC കത്ത്

സൂചയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സ്റ്റേജ് കാരിയേജ് വാഹനങ്ങൾക്ക് നികുതി കണക്കാക്കുന്നതിനുള്ള വിശദമായ നടപടിക്രമം ചുവടെ സൂചിപ്പിക്കുന്നു.

നിലവിൽ സ്റ്റേജ് കാരിയേജ് വാഹനങ്ങൾക്ക് സ്റ്റേജ്കരിയേജ് പെർമിറ്റ് എന്ന ഒറ്റ പെർമിറ്റ് കാറ്റഗറി മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ വ്യത്യസ്തമായ പല മാനദണ്ഡങ്ങൾ അനുസരിച്ച നികുതി സ്വീകരിക്കുന്നതിലേക്കായി ചില വാഹങ്ങകൾക്കു മാനുവൽ ടാക്സ് എൻഡോഴ്സ്മെന്റ് നൽകിയിരുന്നു.

2023 ഫിനാൻസ് ബിൽ പ്രകാരം സ്റ്റേജ് കാരിയേജ് നികുതി നിരക്ക് കുറച്ച മാനദണ്ഡം, മാന്വൽ എൻഡോഴ്സ്മെന്റ് എന്നിവയിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനായി സ്റ്റേജ് കാരിയേജ് വാഹനങ്ങൾക്കു

1. **സ്റ്റേജ് കാരിയേജ് പെർമിറ്** (Seating /Standing **മാനദണ്ഡം** )
2. **സ്റ്റേജ് കാരിയേജ് പെർമിറ്** (Floor Area **മാനദണ്ഡം**)

എന്നുള്ള 2 പെർമിറ് കാറ്റഗറി നിലവിൽ വന്നിട്ടുണ്ട് .

1. എൻഡോഴ്സ്മെന്റ് നൽകിയിട്ടുള്ള വാഹനങ്ങൾക്കു പുതിയ റേറ്റ് പ്രകാരം നികുതി സ്വീകരിക്കുവാൻ എൻഡോഴ്സ്മെന്റ് നീക്കി മേല്പറഞ്ഞതിൽ ബാധകമായ പെർമിറ് കാറ്റഗറി പരിഷ്കരിച്ചു നൽകേണ്ടിവരും .

2. ഇനി മുതൽ രജിസ്റ്റർ ചെയ്യുന്നവക്കും ഇതുവരെ രജിസ്റ്റർ ചെയ്യപ്പെട്ടവക്കും പെർമിറ് സേവനങ്ങൾ നൽകുന്ന വേളയിൽ മേല്പറഞ്ഞതിൽ ബാധകമായതു നൽകുക .

**സ്റ്റേജ് കാരിയേജ് (Seating /Standing) പെർമിറ് കാറ്റഗറി ബാധകമായതു .**

I/124324/2023

1. 18.07.2016 ന മുൻപ് സംസ്ഥാനത്തു രജിസ്റ്റർ ചെയ്യപ്പെട്ട സ്റ്റേജ് കാരിയേജ്

2. 18.07.2016 ന ശേഷം രജിസ്റ്റർ ചെയ്തെങ്കിലും ബഹു . കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സീറ്റിങ് കപ്പാസിറ്റി / സ്റ്റാന്റിംഗ് കപ്പാസിറ്റി നിരക്കിൽ നികുതി സ്വീകരിക്കേണ്ടി വന്നവ മാത്രം .

**സ്റ്റേജ് കാരിയേജ് (Floor Area) പെർമിറ് കാറ്റഗറി ബാധകമായവ .**

1. 18.07.2016 മുതൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്റ്റേജ് കാരിയേജ് വാഹനങ്ങൾ .

2. അന്യ സംസ്ഥാനത്തു നിന്നും 18.07.2016 മുതൽ NOC എടുത്തു സംസ്ഥാനത്തു രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാ സ്റ്റേജ് കാരിയേജ് വാഹനങ്ങൾക്കും

3. 18.07.2016 മുതൽ മറ്റൊരു വെഹിക്കിൾ ക്ലാസ്സിൽ നിന്നും സ്റ്റേജ് കാരിയേജ് ക്ലാസ്സിലേക്ക് കൺവെർഷൻ നടത്തുന്നവ.

**സർവീസ് ടൈപ്പ്**

പ്രസ്തുത സർവീസ് ടൈപ്പ് അനുസൃതമായ സ്റ്റാന്റിംഗ് കപ്പാസിറ്റി കൃത്യമായി രേഖപെടുത്തിയെന്ന് ഉറപ്പു വരുത്തേണ്ടതാണ്

വിശ്വസ്തതയോടെ,

PRAMOJ SANKER P S
ADDITIONAL TRANSPORT COMMISSIONER

*മോട്ടോർ വാഹന വകുപ്പ്, കേരളം*